**മധുരമായ കുട്ടികളെ - ബാബ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികൾക്ക് ശാന്തിയുടെയും സുഖത്തിന്റെയും സമ്പത്ത് നൽകുന്നതിന്, നിങ്ങളുടെ സ്വധർമ്മം തന്നെ ശാന്തിയാണ്, അതിനാൽ നിങ്ങൾ ശാന്തിക്ക് വേണ്ടി അലയുകയില്ല.**

**ചോദ്യം** - ഇപ്പോൾ നിങ്ങൾ കുട്ടികൾ 21 ജന്മത്തേയ്ക്ക് അളവറ്റ ഖജനാവുകളാൽ തുലാഭാരം നടത്തുന്നതിന് യോഗ്യരായി മാറുന്നു - എന്തുകൊണ്ട്?
**ഉത്തരം** - എന്തുകൊണ്ടെന്നാൽ ബാബ എപ്പോഴാണോ പുതിയ സൃഷ്ടി രചിക്കുന്നത്, അപ്പോൾ നിങ്ങൾ കുട്ടികൾ സഹായികളായി മാറുന്നു. തന്റെ എല്ലാം ബാബയുടെ കാര്യത്തിൽ സഫലമാക്കുന്നു അതുകൊണ്ട് ബാബ അതിന്റെ റിട്ടേണായി 21 ജന്മത്തേയ്ക്ക് നിങ്ങളെ അളവറ്റ ഖജനാവുകളാൽ ഇങ്ങനെ തുലാഭാരം നടത്തുന്നു, അതിലൂടെ പിന്നീടൊരിക്കലും ധനവും നഷ്ടപ്പെടില്ല, ദുഃഖവും വരില്ല, അകാല മൃത്യുവും ഉണ്ടാകില്ല.

**ഗീതം** - എനിക്ക് അഭയം നൽകുന്നവനേ.............

**ഓം ശാന്തി**. മധുര-മധുരമായ ആത്മീയ കുട്ടികൾക്ക് 'ഓം' ന്റെ അർത്ഥം കേൾപ്പിക്കുകയാണ്. ചിലർ കേവലം ഓം എന്ന് പറയുന്നു, പക്ഷെ പറയേണ്ടത് ഓം ശാന്തി എന്നായിരിക്കണം. വെറും ഓം ന്റെ അർത്ഥം വരുന്നത് ഓം ഭഗവാൻ എന്നാണ്. ഓം ശാന്തിയുടെ അർത്ഥമാണ്, ഞാൻ ആത്മാവ് ശാന്ത സ്വരൂപമാണ്. നമ്മൾ ആത്മാക്കളാണ്, ഇത് നമ്മുടെ ശരീരമാണ്. ആദ്യം ആത്മാവാണ്, പിന്നീട് ശരീരം. ആത്മാവ് ശാന്ത സ്വരൂപമാണ്, ആത്മാവിന്റെ നിവാസ സ്ഥാനമാണ് ശാന്തിധാമം. ബാക്കി ഏതെങ്കിലും കാട്ടിലേയ്ക്ക് പോകുന്നതിലൂടെ സത്യമായ ശാന്തി ലഭിക്കുന്നില്ല. സത്യമായ ശാന്തി ലഭിക്കേണ്ടത് തന്നെ അപ്പോഴാണ് എപ്പോഴാണോ വീട്ടിലേയ്ക്ക് പോകുന്നത്. ചിലർ ശാന്തി ആഗ്രഹിക്കുന്നു എവിടെയാണോ അശാന്തിയുള്ളത്. ഈ അശാന്തിയുടെ ദുഖധാമം വിനാശമാകും പിന്നീട് ശാന്തിയുണ്ടാകും. നിങ്ങൾ കുട്ടികൾക്ക് ശാന്തിയുടെ സമ്പത്ത് ലഭിക്കും. അവിടെ വീട്ടിലും പുറത്തും രാജധാനിയിലും അശാന്തിയുണ്ടാവില്ല. അതിനെയാണ് പറയുന്നത് ശാന്തിയുടെ രാജ്യം, ഇവിടെ അശാന്തിയുടെ രാജ്യമാണ് എന്തുകൊണ്ടെന്നാൽ രാവണ രാജ്യമാണ്. അത് ഈശ്വരനാൽ സ്ഥാപിക്കപ്പെട്ട രാജ്യമാണ്. പിന്നീട് ദ്വാപരത്തിന് ശേഷം ആസുരീയ രാജ്യമുണ്ടാകുന്നു, അസുരന്മാർക്ക് ഒരിക്കലും ശാന്തിയുണ്ടാവില്ല. വീട്ടിൽ, കടയിൽ എല്ലായിടത്തും അശാന്തി തന്നെ അശാന്തിയായിരിക്കും. 5 വികാരമാകുന്ന രാവണൻ അശാന്തി പരത്തുന്നു. രാവണൻ എന്ത് വസ്തുവാണ്, ഇത് ഒരു വിദ്വാനും പണ്ഡിതനും അറിയുകയില്ല. വർഷാ വർഷം നമ്മളെന്തിനാണ് രാവണനെ കൊല്ലുന്നതെന്ന് മനസ്സിലാക്കുന്നില്ല. സത്യ-ത്രേതായുഗത്തിൽ ഈ രാവണൻ ഉണ്ടായിരിക്കില്ല. അത് ദൈവീക രാജ്യമാണ്. ഈശ്വരനായ ബാബ നിങ്ങളിലൂടെ ദൈവീക രാജ്യത്തിന്റെ സ്ഥാപന ചെയ്യുന്നു. ഒറ്റയ്ക്കൊന്നും ചെയ്യുന്നില്ല. നിങ്ങൾ മധുര മധുരമായ കുട്ടികൾ ഈശ്വരന്റെ സഹായികളാണ്. മുമ്പ് രാവണന്റെ സഹായികളായിരുന്നു. ഇപ്പോൾ ഈശ്വരൻ വന്ന് സർവ്വരുടെയും സദ്ഗതി ചെയ്തുകൊണ്ടിരിക്കുന്നു. പവിത്രത, സുഖം, ശാന്തിയുടെ സ്ഥാപന ചെയ്യുന്നു. നിങ്ങൾ കുട്ടികൾക്കിപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നു. സത്യ-ത്രേതാ യുഗത്തിൽ ദുഖത്തിന്റെ കാര്യമില്ല. ആരും ഗ്ലാനി മുതലായവ ചെയ്യുന്നില്ല, മോശമായത് ഭക്ഷിക്കില്ല. ഇവിടെയാണെങ്കിൽ നോക്കൂ എത്ര മോശമായതാണ് കഴിക്കുന്നത്. കൃഷ്ണന് പശുക്കളെ വളരെ ഇഷ്ടമായിരുന്നുവെന്ന് കാണിച്ചിരിക്കുന്നു. കൃഷ്ണൻ ഒരു ഗ്രാമീണനായിരുന്നു, പശുക്കളെ പാലിച്ചിരുന്നു എന്നത് ശരിയല്ല. ഇല്ല, അവിടുത്തെ പശുവും ഇവിടുത്തെ പശുവും തമ്മിൽ വളരെ വളരെ വ്യത്യാസമുണ്ട്. അവിടുത്തെ പശുക്കൾ സതോപ്രധാനവും വളരെ സുന്ദരവുമാണ്. എങ്ങനെയാണോ മനോഹരമായ ദേവതകൾ, അതുപോലെയാണ് പശുക്കളും. കാണുമ്പോൾ തന്നെ മനസ്സ് സന്തോഷിക്കും. അത് സ്വർഗ്ഗം തന്നെയാണ്. ഇതാണ് നരകം. എല്ലാവരും സ്വർഗ്ഗത്തെയാണ് ഓർമ്മിക്കുന്നത്. സ്വർഗ്ഗവും നരകവും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. രാത്രി അന്ധകാരമാണ്, പകൽ വെളിച്ചവും. ബ്രഹ്മാവിന്റെ പകലാണെങ്കിൽ ബ്രഹ്മാവംശികളുടെയും പകലുണ്ടാകുന്നു. ആദ്യം നിങ്ങളും ഘോര അന്ധകാര രാത്രിയിലായിരുന്നു. ഈ സമയം ഭക്തിയുടെ ബലം എത്രയാണ്, മഹാത്മാ മുതലായവർക്ക് സ്വർണ്ണം കൊണ്ട് തുലാഭാരം നടത്തുന്നു, എന്തുകൊണ്ടെന്നാൽ അവർ ശാസ്ത്രങ്ങളിൽ വലിയ വിദ്വാന്മാരാണ്. എന്തുകൊണ്ടാണ് അവർക്കിത്രയും പ്രഭാവം? ഇതും ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. വൃക്ഷത്തിൽ പുതിയ പുതിയ ഇലകൾ വരുമ്പോൾ സതോപ്രധാനമാണ്. മുകളിൽ നിന്ന് പുതിയ ആത്മാക്കൾ വരുമ്പോൾ അല്പകാലത്തേയ്ക്ക് അവരുടെ പ്രഭാവമുണ്ടാകുമല്ലോ. സ്വർണ്ണം കൊണ്ട് അല്ലെങ്കിൽ വജ്രം കൊണ്ട് തുലാഭാരം നടത്തുന്നു,

പക്ഷെ ഇതെല്ലാം അവസാനിക്കാനുള്ളതാണ്. മനുഷ്യരുടെയടുത്ത് എത്ര ലക്ഷത്തിന്റെ വീടുകളാണ്, ഞങ്ങൾ വളരെ സമ്പന്നരാണെന്ന് മനസ്സിലാക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം ഈ സമ്പന്നത അല്പകാലത്തേയ്ക്കാണെന്ന്. ഇതെല്ലാം മണ്ണിലേയ്ക്ക് ലയിക്കും. ചിലരുടേത് മണ്ണിൽ പൂണ്ടുപോകും.......ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു, അതിൽ ആരെല്ലാമാണോ സഹയോഗികൾ അവർക്ക് 21 ജന്മത്തേയ്ക്ക് വജ്രത്തിന്റെയും വൈഡൂര്യത്തിന്റെയും കൊട്ടാരം ലഭിക്കും. ഇവിടെയാണെങ്കിൽ ഒരു ജന്മത്തേയ്ക്കാണ് ലഭിക്കുക. അവിടെ നിങ്ങൾക്ക് 21 ജന്മത്തേക്ക് ഉണ്ടാകും. ഈ കണ്ണുകൾ കൊണ്ട് എന്തെല്ലാം കാണുന്നുണ്ടോ ശരീര സഹിതം എല്ലാം ഭസ്മമാകും. നിങ്ങൾ കുട്ടികൾക്ക് ദിവ്യ ദൃഷ്ടിയിലൂടെ സാക്ഷാത്ക്കാരവും ഉണ്ടാകുന്നു. വിനാശമുണ്ടാകും പിന്നീട് ഈ ലക്ഷ്മീ നാരായണന്റെ രാജ്യമുണ്ടാകും. നിങ്ങൾക്കറിയാം നമ്മൾ നമ്മുടെ രാജ്യഭാഗ്യം വീണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. 21 തലമുറ രാജ്യം ഭരിച്ചു പിന്നീട് രാവണ രാജ്യം വന്നു. ഇപ്പോൾ വീണ്ടും ബാബ വന്നിരിക്കുകയാണ്. ഭക്തി മാർഗ്ഗത്തിൽ എല്ലാവരും ബാബയെ തന്നെയാണ് ഓർമ്മിക്കുന്നത്. പാട്ടുമുണ്ട് ദുഖത്തിൽ എല്ലാവരും ഓർമ്മിക്കും..... ബാബ സുഖത്തിന്റെ സമ്പത്ത് തരുന്നു, പിന്നീട് ഓർമ്മിക്കേണ്ടതിന്റെ ആവശ്യമില്ല. അങ്ങ് തന്നെയാണ് മാതാവും പിതാവും....... ഇവരാണെങ്കിൽ തന്റെ കുട്ടികളുടെ അമ്മയും അച്ഛനുമേ ആകൂ. ഇത് പാരലൗകിക അമ്മയുടെയും അച്ഛന്റെയും കാര്യമാണ്. ഇപ്പോൾ നിങ്ങൾ ഈ ലക്ഷ്മീ നാരായണനായി മാറുന്നതിന് വേണ്ടി പഠിക്കുകയാണ്. സ്ക്കൂളിൽ കുട്ടികൾ നന്നായി പാസാവുകയാണെങ്കിൽ പിന്നീട് ടീച്ചർക്ക് സമ്മാനം നൽകുന്നു. ഇപ്പോൾ നിങ്ങൾ ബാബക്ക് എന്ത് സമ്മാനം നൽകും! നിങ്ങളാണെങ്കിൽ ബാബയെ തന്റെ കുട്ടിയാക്കി മാറ്റിയിരിക്കുന്നു, ജാലവിദ്യയിലൂടെ. കാണിക്കുകയാണ്– കൃഷ്ണന്റെ വായിൽ അമ്മ വെണ്ണയുടെ ഗോളം കണ്ടു. ഇപ്പോൾ കൃഷ്ണനാണെങ്കിൽ സത്യയുഗത്തിലാണ് ജന്മമെടുക്കുന്നത്. കൃഷ്ണനാണെങ്കിൽ വെണ്ണ മുതലായവയൊന്നും കഴിക്കുകയില്ല. കൃഷ്ണൻ വിശ്വത്തിന്റെ അധികാരിയാണ്. അതിനാൽ ഇത് ഏത് സമയത്തെ കാര്യമാണ്? ഇത് ഇപ്പോൾ സംഗമത്തിന്റെ കാര്യമാണ്. നിങ്ങൾക്കറിയാം നമ്മൾ ഈ ശരീരം ഉപേക്ഷിച്ച് കുട്ടിയായി മാറും. വിശ്വത്തിന്റെ അധികാരിയാവും. രണ്ടു ക്രിസ്ത്യൻ വിഭാഗക്കാർ പരസ്പരം വഴക്കടിക്കുന്നു, വെണ്ണ നിങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നു. രാജ്യഭാഗ്യം ലഭിക്കുന്നുണ്ടല്ലോ. എങ്ങനെയാണോ അവർ ഭാരതത്തെ യുദ്ധം ചെയ്യിച്ച് സ്വയം വെണ്ണ കഴിച്ചത്. ക്രിസ്ത്യൻസിന്റെ രാജധാനി മുക്കാൽ ഭാഗത്തിലായിരുന്നു. പിന്നീട് പതുക്കെ പതുക്കെ കുറഞ്ഞു വന്നു. മുഴുവൻ വിശ്വത്തിലും നിങ്ങൾക്കല്ലാതെ വേറെയാർക്കും രാജ്യം ഭരിക്കാൻ സാധിക്കില്ല. നിങ്ങൾ ഇപ്പോൾ ഈശ്വരീയ സന്താനമായിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയും വിശ്വത്തിന്റെ അധികാരിയുമാറുകയാണ്. വിശ്വത്തിൽ ബ്രഹ്മാണ്ഡം വരുന്നില്ല. സൂക്ഷ്മ വതനത്തിലും രാജ്യം ഭരിക്കുന്നില്ല. സത്യ–ത്രേതായുഗം...... ഈ ചക്രം ഇവിടെ സ്ഥൂല വതനത്തിലാണുണ്ടാവുന്നത്. ധ്യാനത്തിൽ ആത്മാവ് എവിടെയ്ക്കും പോകുന്നില്ല. ആത്മാവ് പോയാൽ ശരീരം നശിക്കും. ഇതെല്ലാം സാക്ഷാത്ക്കാരമാണ്, രിദ്ധി സിദ്ധിയിലൂടെ ഇങ്ങനെയും സാക്ഷാത്ക്കാരമുണ്ടാകുന്നു, അവർക്ക് ഇവിടെ ഇരുന്നുകൊണ്ടും വിദേശത്തെ പാർലമെന്റ് മുതലായവ കാണാൻ സാധിക്കുന്നു. ബാബയുടെ കൈയ്യിൽ ദിവ്യ ദൃഷ്ടിയുടെ താക്കോലുണ്ട്. നിങ്ങൾക്ക് ഇവിടെയിരുന്ന് ലണ്ടൻ കാണാൻ സാധിക്കുന്നു. ഉപകരണങ്ങളൊന്നുമല്ല കുറച്ച് വാങ്ങാൻ. ഡ്രാമയനുസരിച്ച് ആ സമയം ആ സാക്ഷാത്ക്കാരമുണ്ടാകുന്നു, അത് ഡ്രാമയിൽ ആദ്യം തന്നെ ഉള്ളതാണ്. അർജുനന് ഭഗവാൻ സാക്ഷാത്ക്കാരം ചെയ്യിച്ചത് കാണിച്ചത് പോലെ. ഡ്രാമയനുസരിച്ച് അദ്ദേഹത്തിന് സാക്ഷാത്ക്കാരം ഉണ്ടാവേണ്ടത് തന്നെയാണ്. ഇതും അടങ്ങിയിട്ടുണ്ട്. ആരുടെയും മഹത്വമല്ല. ഇതെല്ലാം ഡ്രാമയനുസരിച്ച് നടക്കുന്നതാണ്. കൃഷ്ണൻ വിശ്വത്തിന്റെ രാജകുമാരനാകുന്നു, എന്നുവെച്ചാൽ വെണ്ണ ലഭിക്കുന്നു. ഇതും ആർക്കും അറിയുകയില്ല ഏതിനെയാണ് വിശ്വം, ഏതിനെയാണ് ബ്രഹ്മാണ്ഡമെന്ന് പറയുന്നതെന്ന്. നിങ്ങൾ ആത്മാക്കൾ ബ്രഹ്മാണ്ഡത്തിലാണ് വസിക്കുന്നത്. സൂക്ഷ്മ വതനത്തിൽ വരുന്നതിന്റെയും പോകുന്നതിന്റെയും സാക്ഷാത്ക്കാരം മുതലായവ ഈ സമയത്താണുണ്ടാവുന്നത് പിന്നീട് 5000 വർഷം സൂക്ഷ്മവതനത്തിന്റെ പേര് തന്നെ ഉണ്ടാവുന്നില്ല. പറയുകയാണ് ബ്രഹ്മാ ദേവതയേ നമ: പിന്നീട് പറയുന്നു ശിവ പരമാത്മാവായ നമ: അതിനാൽ എല്ലാത്തിനേക്കാളും ഉയർന്നതായല്ലോ. അവരെ ഭഗവാൻ എന്ന് പറയുന്നു. ആ ദേവതകൾ മനുഷ്യരാണ്, പക്ഷെ ദൈവീക ഗുണമുള്ളവരാണ്. ബാക്കി 4–8 കൈകളുള്ള മനുഷ്യരൊന്നുമില്ല. അവിടെയും 2 കൈകളുള്ള മനുഷ്യരാണുണ്ടാവുന്നത്, പക്ഷെ സമ്പൂർണ്ണ പവിത്രതയാണ്, അപവിത്രതയുടെ കാര്യമില്ല. അകാല മൃത്യൂ ഒരിക്കലും ഉണ്ടാവില്ല. അതിനാൽ നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടാവണം. നമ്മൾ ആത്മാവ് ഈ ശരീരത്തിലൂടെ ബാബയെ കാണും. കാണുന്നതിൽ പിന്നെ ശരീരം വരുന്നു, പരമാത്മാവിനെ അഥവാ ആത്മാവിനെ കാണാൻ സാധിക്കില്ല. ആത്മാവിനെയും പരമാത്മാവിനെയും അറിയാൻ കഴിയുന്നു. കാണുന്നതിന് വേണ്ടി പിന്നെ ദിവ്യ ദൃഷ്ടി ലഭിക്കുന്നു. ബാക്കി എല്ലാ വസ്തുക്കളും ദിവ്യ ദൃഷ്ടിയിലൂടെ വലുതായി കാണാൻ കഴിയും. രാജധാനി വലുതായി കാണാൻ കഴിയും. ആത്മാവാണെങ്കിൽ ബിന്ദു

തന്നെയാണ്. ബിന്ദുവിനെ കാണുന്നതിലൂടെ നിങ്ങൾക്ക് ഒന്നും തന്നെ മനസ്സിലാകില്ല. ആത്മാവാണെങ്കിൽ വളരെ സൂക്ഷ്മമാണ്. അനേകം ഡോക്ടർമാർ ആത്മാവിനെ പിടിക്കുന്നതിന് പരിശ്രമം ചെയ്തു, പക്ഷെ ആർക്കും അറിയാനേ കഴിഞ്ഞില്ല. ആ ആളുകളാണെങ്കിൽ സ്വർണ്ണത്തിലും വജ്രത്തിലും തുലാഭാരം ചെയ്യുന്നു. നിങ്ങൾ ജന്മ-ജന്മാന്തരം കോടിപതിയാകുന്നു. നിങ്ങൾക്ക് പുറമേയുള്ള ഷോ ഒട്ടും തന്നെയില്ല. സാധാരണ രീതിയിൽ ഈ രഥത്തിലിരുന്ന് പഠിപ്പിക്കുന്നു. അവരുടെ പേരാണ് ഭാഗീരഥൻ. ഇത് പതിത പഴയ രഥമാണ്, ഏതിലാണോ ബാബ വന്ന് ഉയർന്നതിലും ഉയർന്ന സേവനം ചെയ്യുന്നത്. ബാബ പറയുകയാണ് എനിക്ക് സ്വന്തമായി ശരീരമില്ല. ഞാൻ ജ്ഞാനത്തിന്റെ സാഗരൻ, പ്രേമത്തിന്റെ സാഗരനാണ്...., അപ്പോൾ നിങ്ങൾക്ക് സമ്പത്തെങ്ങനെ നൽകും! മുകളിൽ നിന്നൊന്നും നൽകില്ല. എന്താ പ്രേരണയിലൂടെ പഠിപ്പിക്കുമോ? തീർച്ചയായും വരേണ്ടി വരുമല്ലോ. ഭക്തിമാർഗ്ഗത്തിൽ എന്നെ പൂജിക്കുന്നു, എല്ലാവരും ഇഷ്ടപ്പെടുന്നു. ഗാന്ധി, നെഹ്റുവിന്റെ ചിത്രം ഇഷ്ടപ്പെടുന്നു, അവരുടെ ശരീരത്തെ ഓർമ്മിക്കുന്നു. ആത്മാവ് അവിനാശിയാണ്,പോയി അടുത്ത ജന്മമെടുക്കുന്നു. ബാക്കി വിനാശിയായ ചിത്രത്തെ ഓർമ്മിക്കുകയാണ്. അത് ഭൂത പൂജയായില്ലേ. സമാധി ഉണ്ടാക്കി അതിന് മേൽ പൂവ് മുതലാവ അർപ്പിക്കുന്നു. ഇതാണ് ഓർമ്മ ചിഹ്നം. ശിവന്റെ എത്ര ക്ഷേത്രങ്ങളാണ്, ഏറ്റവും വലിയ ഓർമ്മ ചിഹ്നം ശിവന്റെയാണല്ലോ. സോമനാഥ ക്ഷേത്രത്തിന്റെ മഹിമയുണ്ട്. മുഹമ്മദ് ഗസ്നി വന്ന് കൊള്ളയടിച്ചു. നിങ്ങളുടെയടുത്ത് ഇത്രയും ധനമുണ്ടായിരുന്നു. ബാബ നിങ്ങൾ കുട്ടികളെ രത്നം കൊണ്ട് തുലാഭാരം നടത്തുന്നു. സ്വയം തുലാഭാരം നടത്തിക്കുന്നില്ല. ഞാൻ ഇത്രയും ധനവാൻ ആകുന്നില്ല, നിങ്ങളെ ആക്കുകയാണ്. അവരുടെയാണെങ്കിൽ ഇന്ന് തുലാഭാരം ചെയ്തു, നാളെ മരിച്ചു പോകും. ധനം ഒന്നിനും പ്രയോജനപ്പെടില്ല. നിങ്ങളെയാണെങ്കിൽ ബാബ അളവറ്റ ഖജനാവുകളാൽ ഇങ്ങനെ തുലാഭാരം നടത്തുന്നു, അത് 21 ജന്മത്തേയ്ക്ക് കൂടെയുണ്ടാകും. അഥവാ ശ്രീമതത്തിലൂടെ നടക്കുകയാണെങ്കിൽ അവിടെ ദുഖത്തിന്റെ പേര് പോലും ഉണ്ടാവില്ല, ഒരിക്കലും അകാല മൃത്യൂ ഉണ്ടാവില്ല. മരണത്തെ പേടിക്കുകയില്ല. ഇവിടെ വളരെയധികം ഭയക്കുന്നു, കരയുന്നു. അവിടെ വളരെയധികം സന്തോഷമുണ്ടാകുന്നു- പോയി രാജകുമാരനാകും. ഇന്ദ്രജാലക്കാരൻ, വ്യാപാരി, രത്നാകരൻ, ഇതെല്ലാം ശിവ പരമാത്മാവിനെ തന്നെയാണ് പറയുന്നത്. നിങ്ങൾക്കും സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. ഇങ്ങനെത്തെ രാജകുമാരനാകും. ഇന്നത്തെക്കാലത്ത് ബാബ സാക്ഷാത്ക്കാരത്തിന്റെ പാർട്ട് നിർത്തി വെച്ചിരിക്കുകയാണ്. നഷ്ടമുണ്ടാവുകയാണ്. ഇപ്പോൾ ബാബ ജ്ഞാനത്താൽ നിങ്ങളുടെ സദ്ഗതി ചെയ്യുകയാണ്. നിങ്ങൾ ആദ്യം സുഖധാമത്തിൽ പോകും. ഇപ്പോഴാണെങ്കിൽ ദുഖധാമമാണ്. നിങ്ങൾക്കറിയാം ആത്മാവ് തന്നെയാണ് ജ്ഞാനം ധാരണ ചെയ്യുന്നത്, അതുകൊണ്ട് ബാബ പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവിൽ തന്നെയാണ് നല്ലതും മോശവുമായ സംസ്ക്കാരമുണ്ടാകുന്നത്. ശരീരത്തിലാണെങ്കിൽ ശരീരത്തിനോടൊപ്പം സംസ്ക്കാരവും ഭസ്മമാകും. നിങ്ങൾ പറയുകയാണ് ശിവബാബ, നമ്മൾ ആത്മാക്കൾ ഈ ശരീരത്തിലൂടെ പഠിക്കുകയാണ്. പുതിയ കാര്യമല്ലേ. നമ്മൾ ആത്മാക്കളെ ശിവബാബ പഠിപ്പിക്കുകയാണ്. ഇതാണെങ്കിൽ പക്കാ പക്കാ ഓർമ്മിക്കൂ. നമ്മൾ എല്ലാ ആത്മാക്കളുടെയും അച്ഛനുമാണ്, ടീച്ചറുമാണ്. ബാബ സ്വയം പറയുകയാണ് എനിക്ക് സ്വന്തമായി ശരീരമില്ല. ഞാനും ആത്മാവാണ്, പക്ഷെ എന്നെ പരമാത്മാവെന്ന് പറയുന്നു. ആത്മാവ് തന്നെയാണ് എല്ലാം ചെയ്യുന്നത്. ബാക്കി ശരീരത്തിന്റെ പേരാണ് മാറുന്നത്. ആത്മാവാണെങ്കിൽ ആത്മാവ് തന്നെയാണ്. ഞാൻ പരമാത്മാവ് നിങ്ങളെ പോലെ പുനർജന്മമെടുക്കുന്നില്ല. ഡ്രാമയിൽ എന്റെ പാർട്ട് തന്നെ അങ്ങനെയാണ്, ഞാൻ ഇതിൽ പ്രവേശിച്ച് നിങ്ങൾക്ക് കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ് അതുകൊണ്ട് ഇദ്ദേഹത്തെ ഭാഗ്യശാലി രഥമെന്ന് പറയുന്നു. ഇദ്ദേഹത്തെ പഴയ ചെരുപ്പെന്നും പറയുന്നു. ശിവബാബയും പഴയ നീളമുള്ള ബൂട്ട് ധരിക്കുന്നു. ബാബ പറയുകയാണ് ഞാൻ ഇവരുടെ അനേക ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ പ്രവേശിക്കുന്നു. ആദ്യമാദ്യം ഇവരാകുന്നു, അതേപോലെ നിങ്ങളും. ബാബ പറയുകയാണ് നിങ്ങളാണെങ്കിൽ യുവാക്കളാണ്. എന്നെക്കാൾ കൂടുതൽ പഠിച്ച് ഉയർന്ന പദവി നേടണം, പക്ഷെ എന്നോടൊപ്പം ബാബയുണ്ട് അതിനാൽ എനിക്ക് ഇടയ്ക്കിടയ്ക്ക് ബാബയുടെ ഓർമ്മ വരുന്നു. ബാബ എന്നോടൊപ്പം ഉറങ്ങുന്നുമുണ്ട്, പക്ഷെ ബാബക്ക് എന്നെ പുണരുവാൻ കഴിയില്ല. നിങ്ങളെ പുണരുന്നു. നിങ്ങൾ ഭാഗ്യശാലികളാണല്ലോ. ശിവബാബ ഏത് ശരീരമാണോ ലോണായി എടുത്തത് നിങ്ങൾക്ക് അവരെ പുണരാൻ സാധിക്കുന്നു. ഞാൻ എങ്ങനെ പുണരും! എനിക്കാണെങ്കിൽ ഈ ഭാഗ്യവുമില്ല അതിനാൽ നിങ്ങൾ ഭാഗ്യ നക്ഷത്രമെന്ന് പാടപ്പെടുന്നു. കുട്ടികൾ സദാ ഭാഗ്യശാലികളാണ്. ബാബ പൈസ കുട്ടികൾക്കാണ് നൽകുന്നത്, അതിനാൽ നിങ്ങൾ ഭാഗ്യനക്ഷത്രമായില്ലേ. ശിവബാബയും പറയുകയാണ് ഞാൻ നിങ്ങളെക്കാൾ ലക്കിയാണ്, നിങ്ങളെ പഠിപ്പിച്ച് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു, ഞാൻ ആകുന്നില്ല. നിങ്ങൾ ബ്രഹ്മാണ്ഡത്തിന്റെ തന്നെ അധികാരിയാവുന്നു. ബാക്കി എന്റെയടുത്ത് കൂടുതൽ ദിവ്യ ദൃഷ്ടിയുടെ താക്കോലുണ്ട്. ഞാൻ ജ്ഞാനത്തിന്റെ സാഗരനാണ്. നിങ്ങളെയും മാസ്റ്റർ ജ്ഞാനസാരമാക്കി മാറ്റുന്നു. നിങ്ങൾ ഈ മുഴുവൻ ചക്രത്തെയും മനസ്സിലാക്കി ചക്രവർത്തി മഹാരാജാവും മഹാറാണിയുമാകുന്നു. ഞാൻ ആകുന്നില്ല.

വയസ്സാകുമ്പോൾ പിന്നെ എല്ലാം മക്കൾക്ക് കൈമാറി സ്വയം വാനപ്രസ്ഥത്തിലേയ്ക്ക് പോകുന്നു. മുമ്പ് അങ്ങനെ ഉണ്ടായിരുന്നു. ഇന്നത്തെക്കാലത്താണെങ്കിൽ കുട്ടികളിൽ മോഹമുണ്ടാവുകയാണ്. പാരലൗകിക അച്ഛൻ പറയുകയാണ് ഞാൻ ഇതിൽ പ്രവേശിച്ച് നിങ്ങൾ കുട്ടികളെ മുള്ളുകളിൽ നിന്ന് പൂക്കളാക്കി വിശ്വത്തിന്റെ അധികാരിയാക്കി, പകുതി കല്പത്തേയ്ക്ക് സദാ സുഖിയാക്കി മാറ്റി ഞാൻ വാനപ്രസ്ഥത്തിലേയ്ക്ക് പോകുന്നു. ഈ എല്ലാ കാര്യങ്ങളും ശാസ്ത്രങ്ങളിലൊന്നുമില്ല. സന്യാസി, ഉദാസി ശാസ്ത്രങ്ങളുടെ കാര്യങ്ങൾ കേൾപ്പിക്കുന്നു. ബാബയാണെങ്കിൽ ജ്ഞാനത്തിന്റെ സാഗരമാണ്. സ്വയം പറയുകയാണ് ഈ വേദ - ശാസ്ത്രം മുതലായ എല്ലാം ഭക്തി മാർഗ്ഗത്തിലെ സാമഗ്രികളാണ്. ജ്ഞാനസാഗരനാണെങ്കിൽ ഞാൻ തന്നെയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. ഈ കണ്ണുകളാൽ ശരീര സഹിതം എന്തെല്ലാം കാണുന്നുണ്ടോ, ഇതെല്ലാം ഭസ്മമാകുന്നതാണ് അതിനാൽ തന്റെ എല്ലാം സഫലമാക്കണം.

2. ബാബയിൽ നിന്ന് പൂർണ്ണമായ സമ്പത്ത് നേടുന്നതിന് വേണ്ടി പഠിപ്പ് പഠിക്കണം. സദാ തന്റെ ഭാഗ്യത്തെ സ്മൃതിയിൽ വെച്ച് ബ്രഹ്മാണ്ഡത്തിന്റെ അഥവാ വിശ്വത്തിന്റെ അധികാരിയായി മാറണം.

## വരദാനം- ആഹാ ഡ്രാമ ആഹാ സ്മൃതിയിലൂടെ അനേകരുടെ സേവനം ചെയ്യുന്ന സദാ സന്തുഷ്ടരായി ഭവിക്കട്ടെ.

ഈ ഡ്രാമയുടെ ഏതൊരു ദൃശ്യം കണ്ടുകൊണ്ടും ആഹാ ഡ്രാമ ആഹാ എന്ന സ്മൃതിയുണ്ടാകട്ടെ. എങ്കിൽ ഒരിക്കലും പരിഭ്രമിക്കില്ല, എന്തെന്നാൽ ഡ്രാമയുടെ ജ്ഞാനം ലഭിച്ചു- വർത്തമാന സമയം മംഗളകാരി യുഗമാണ്, ഇതിൽ ഏതൊരു ദൃശ്യം മുന്നിൽ വരുന്നുണ്ടോ അതിൽ മംഗളം അടങ്ങിയിട്ടുണ്ട്. വർത്തമാനസമയം മംഗളം കാണപ്പെടുന്നില്ല എങ്കിൽപോലും ഭാവിയിൽ അടക്കം ചെയ്യപ്പെട്ട മംഗളം പ്രത്യക്ഷമാകും.അതിനാൽ ആഹാ ഡ്രാമ ആഹാ എന്ന സ്മൃതിയിലൂടെ സദാ സന്തുഷ്ടരായിരിക്കാം, പുരുഷാർഥത്തിൽ ഒരിക്കലും ഉദാസീനത വരില്ല. സ്വതവേ താങ്കളിലൂടെ അനേകരുടെ സേവനം നടന്നുകൊണ്ടിരിക്കും.

## സ്ലോഗൻ-ശാന്തിയുടെ ശക്തിയാണ് മനസാ സേവനത്തിന്റെ സഹജമായ മാർഗം, എവിടെ ശാന്തിയുടെ ശക്തിയുണ്ടോ അവിടെ സന്തുഷ്ടതയുണ്ട്.

**അവ്യക്തസൂചനകൾ: അശരീരി അഥവാ വിദേഹി സ്ഥിതിയുടെ അഭ്യാസം വർധിപ്പിക്കൂ**
എത്രത്തോളം അവ്യക്ത ലൈറ്റ് രൂപത്തിൽ സ്ഥിതി ചെയ്യുമോ അത്രയും ശരീരത്തിൽ നിന്ന് ഉപരിയാകാനുള്ള അഭ്യാസം ഉണ്ടാകുന്നതു കാരണം രണ്ട്, നാല് മിനിറ്റ് അശരീരി ആയാലും നാല് മണിക്കൂർ വിശ്രമിച്ച പോലെയാണ്. ഇങ്ങനെയുള്ള സമയം വരും-ഉറക്കത്തിനു പകരം നാലഞ്ച് മിനിറ്റ് അശരീരിയാകുന്നതിലൂടെ ശരീരത്തിന് വിശ്രമം ലഭിക്കും. ലൈറ്റ് സ്വരൂപത്തിന്റെ സ്മൃതിയെ ശക്തമാക്കുന്നതിലൂടെ കർമക്കണക്കുകൾ അവസാനിപ്പിക്കുന്നതിലും ലൈറ്റ് രൂപമായിത്തീരും.